# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ.സെൻകുമാർ ഡി.പി. സമർപ്പിച്ച അപേക്ഷ അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. 09/01/2018 ൽ ശ്രീ. സെൻകുമാർ ഡി.പി. നൽകിയ അപേക്ഷ.
2. ജി.ഒ.(എം.എസ്) നം.219/001 ആ.കു.വ. തീയതി. 21/08/2001
3. ജി.ഒ.(എം.സ്.) നം2019/03/ആ.കു.വ. തീയതി.05/07/2003
4. ഇ.ഡി.1 01/06/2003 ആ.വ.ഡ. തീയതി.20/10/2003
5. പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/2618/2003 തീയതി.27/10/2003 നമ്പർ ഉത്തരവ്
6. ഇ.എസ്2 30876/09 ആ.വ.ഡ. തീയതി. 30/11/2009 ഉത്തരവ്
7. ഉത്തരവ് നം.ഇഡി.1 01/03/2012 ആ.വ.ഡ.തീയതി. 14/08/12
8. ഉത്തരവ് നം.ഇഎസ്2/40318/ആ.വ.ഡ. തീയതി.15/12/2014
9. 03/03/2018 ലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം ഇഎസ്2/40318/2017/ആ.വ.ഡ. തീയത.11/05/2018

ആരോഗ്യവകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്ക് ശ്രീ.സെൻകുമാർ ഡി.പി. സൂചന(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ.സെൻകുമാർ ഡി.പി. സൂചന 2,3 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും സൂചന(5) പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ക്ലാർക്കായി 31/10/2003 ൽ സർവ്വീസിൽ പ്രവേശിച്ചു. സൂചന (6) പ്രകാരമുള്ള ക്ലാർക്കുമാരുടെ 01/01/2003 മുതൽ 31/12/2008 വരെയുള്ള സീനിയോറിറ്റിലിസ്റ്റിൽ 31 എ നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു.

ടിയാൻ അക്കൗണ്ട് ടെസ്റ്റ് യോഗ്യത നേടിയത് 01/2012 ൽ ആണ് ആയതിന്റെ അടിസ്ഥാനത്തിൽ സൂചന(7) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ സൂചന(8) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെട്ടിരുന്നില്ല.

ശ്രീ.സെൻകുമാർ ഡി.പി. ജോലിയിൽ പ്രവേശിച്ച ഉത്തരവുകൾ പരിവിക്ഷാകാലം പൂർത്തിയാക്കിയ തീയതി വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ തീയതി എന്നിവ് പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 796 എ ആയി ഉൾപ്പെടുത്തുന്നതിന് സൂചന (9) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും നാളിതുവരെ സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ 17/06/2000 മുതൽ 31/08/2012 വരെ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 796 എ യായി ശ്രീ.സെൻകുമാർ ഡി.പി.യെ ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി. | എൽ.ഡി.സി തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|
| 1 | Habeesa K.K. | 15/05/69 | 15/06/2001 | MOP6/2002 AT(L) 07/2010 | UDT | 796 | 796 | 31/03/2012 |
| 2 | Senkumar D.P. | 10/03/79 | 31/10/2003 | MOP 6/2002 AT (L) 1/2012 | 31A/2003-2008 | - | 796A | 31/03/2012 |
| 3 | K.A. Rahana | 22/05/72 | 27/12/2003 | MOP 6/2002 AT(L) 1/2011 | 59/2003-2008 | 797 | 797 | 31/3/2012 |

സൂചന 8 ലെ ഉത്തരവ് ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇഡി സെക്ഷൻ
5. ഫയൽ /സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്